# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജൂലൈ 27 | ദീപം 56 | നാളം 21 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org





മാർ തോമസ് തറയിൽ


# സഹനമൂല്യങ്ങളുടെ അർഥദീപ്തി അൽഫോൻസാമ്മ



വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതം ക്രൈസ്തവ വിശ്വാസത്തിന്റെ അനന്യത നമുക്കു കാട്ടിത്തരുന്നു. മറ്റു മതവിശ്വാസങ്ങളിൽനിന്നു ക്രൈസ്തവികതയെ വ്യത്യസ്തമാക്കുന്നത് സഹനത്തിനു നല്കുന്ന രക്ഷാകരപ്രാധാന്യമാണ്. കുരിശ്, വണങ്ങാനും അണിയാനുമുള്ള അടയാളം മാത്രമല്ല, രക്ഷ പ്രാപിക്കുന്നതിനനിവാര്യമായ ജീവിതവഴികൂടിയാണ്. അൽഫോൻസാമ്മയെ 'സഹനപുഷ്പ'മായി വിശേഷിപ്പിക്കുമ്പോൾ അവർ സഹിച്ച രോഗപീഡകളോടുള്ള സഹതാപത്തെക്കാൾ നമ്മുടെ മനസ്സിലുണരേണ്ടത് രോഗപീഡകളെ എങ്ങനെ വിശുദ്ധിയിലേക്കുള്ള മാർഗമാക്കാമെന്നുള്ള ധ്യാനമാണ്. 'ദൈവസ്നേഹത്തെപ്രതി സഹനങ്ങളെ സ്വീകരിക്കാനും അവയിൽ ആനന്ദിക്കാനുമാണ് ഈ ജീവിതത്തിൽ ഞാൻ ഏറ്റവും കൂടുതലായി ആഗ്രഹിക്കുന്നത്' എന്നു പറഞ്ഞ വിശുദ്ധ അൽഫോൻസാമ്മ സഹനങ്ങളെ ആനന്ദത്തോടെ വരവേല്ക്കാനുള്ള ഉത്തേജനമാകുക എളുപ്പമല്ല. 'സുഖമായി കഴിയുക' എന്ന മാനുഷികചോദന ശാന്തമായി നിലനില്ക്കുന്നിടത്തോളം, സഹനങ്ങളിലൂടെയേ ദൈവികമഹത്ത്വം അഥവാ യഥാർഥ സന്തോഷം കണ്ടെത്താനാകൂ എന്ന ചിന്തതന്നെ നമ്മെ അസ്വസ്ഥതപ്പെടുത്തുന്നതാണ്. അതുകൊണ്ട്, ദുഃഖവെള്ളിയാഴ്ച ഈശോയുടെ പീഡാനുഭവങ്ങളെയോർത്തു സഹതപിക്കാൻ നമുക്കിഷ്ടമാണെങ്കിലും ജീവിതത്തിൽ സഹനങ്ങളെ സ്വീകരിക്കുക വിഷമമേറിയതാണ്.

### സഹനങ്ങളില്ലാത്ത രക്ഷ ക്രൈസ്തവമോ?

ക്രൈസ്തവവിശ്വാസത്തെ മറ്റേതൊരു മതവുംപോലെ കാണാനാണു പൊതുവെ താത്പര്യം. പ്രാർഥിക്കുമ്പോൾ ഭക്തരിൽ പ്രസാദിച്ച് എല്ലാ തടസ്സങ്ങളും വേദനകളും മാറ്റിക്കളയുന്ന ഒരു 'ദേവനാ'യി ഈശോയെയും കാണാനാണെളുപ്പം. എന്നാൽ, വേദനകളെയും കുരിശുകളെയും സഹിക്കാൻ ശക്തി നല്കി സാധാരണജീവിതത്തെ അസാധാരണധീരതയോടെ നേരിടാൻ സഹായിക്കുന്ന ദൈവത്തെയാണു സുവിശേഷം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. അനേകർക്കു വേദനകളിൽനിന്ന് ആശ്വാസം നല്കുമ്പോഴും നമ്മുടെ കർത്താവ് കുരിശിനെ ഉപേക്ഷിക്കുന്നില്ല. കുരിശിൽനിന്നിറങ്ങാനും കുരിശിനെ ഒഴിവാക്കാനുമുള്ള പ്രലോഭനങ്ങളെ അവിടുന്നു നേരിട്ടു. പക്ഷേ, കുരിശിലൂടെയുള്ള മഹത്ത്വമാണ് രക്ഷയുടെ മാർഗമെന്നു കാട്ടിക്കൊടുക്കാൻ അവിടുന്നു തീവ്രമായി ആഗ്രഹിച്ചു.

യി മാറുകയായിരുന്നു. ആത്മീയപിതാവിനെഴുതിയ കത്തിൽ സഹിക്കാനുള്ള സന്നദ്ധത വിശുദ്ധ അറിയിക്കുന്നുണ്ട്: "പ്രിയ അച്ചാ, എന്റെ നല്ല നാഥനായ ഈശോ എന്നെ ഏറെ സ്നേഹിക്കുന്നതുകൊണ്ട് ഈ രോഗശയ്യയിൽ കിടന്നുകൊണ്ട് ഇതു മാത്രമല്ല, മറ്റെന്തും ലോകാവസാനംവരെ സഹിക്കാൻ ഞാൻ ആത്മാർഥമായി ആഗ്രഹിക്കുന്നു. എന്റെ ജീവിതത്തെ ഒരു സഹനബലിയാക്കാനാണ് ദൈവം ആഗ്രഹിക്കുന്നത് എന്നതാണെന്റെ ബോധ്യം."

സഹനങ്ങൾ ഒഴിവാക്കാനായി പരക്കംപായുന്ന നമുക്കു സഹനം രക്ഷാകരമാണെന്ന ബോധ്യം ഉണ്ടാ

ക്രൈസ്തവപാരമ്പര്യത്തിൽ പാശ്ചാത്യമാകട്ടെ, പൗരസ്ത്യമാകട്ടെ, പുഷ്പിച്ച കുരിശുകൾ സമൃദ്ധമായി കാണാൻ കഴിയും. മുകുളങ്ങളുള്ള കുരിശ് പ്രത്യാശയുടെ ചിഹ്നമാണ്. നമ്മുടെ കർത്താവിന്റെ സഹനത്തെയും ഉത്ഥാനത്തെയും ഒരേസമയം ദ്യോതിപ്പിക്കുന്ന സ്ലീവാ നമ്മെ ഓർമിപ്പിക്കുന്നതും കുരിശിലൂടെയാണു മഹത്ത്വം എന്ന രക്ഷാകരസത്യമാണ്. സഹനങ്ങളില്ലാത്ത രക്ഷ ക്രൈസ്തരക്ഷയല്ല എന്നതും നാം തിരിച്ചറിയണം.


▶11


### ജൂലൈ 28
### വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ






വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന്
പ്രാർത്ഥനാനിർഭരമായ ആശംസകൾ

Principal, Staff & Students

# ALPHONSA COLLEGE, PALA

ARUNAPURAM P.O., KOTTAYAM DIST., KERALA - 686 574 Ph: 04822-212447

ESTD 1964

AFFILIATED TO MG UNIVERSITY, KOTTAYAM

Email : principal@alphonsacollege.in aicspala@rediffmail.com
alphnonsaoffice@gmail.com Website : www.alphonsacollege.in

NAAC Re-accredited (4th cycle) with 'A' grade (CGPA - 3.24) in 2019

A Minority Educational Institution approved by National Commission for Minority Educational Institutions, Government of India

## Courses offered

**PG Courses**

1. M.Sc. Zoology
2. M.A. Politics
3. M. A. English
4. M.A. Economatrics
5. M.Sc. Clinical Nutrition and Dietetics (Self financing)
6. M.Sc. Chemistry (Self financing)
7. M.A. English (Self financing)

**UG Courses**

1. B.A. English Language & Literature
2. B.A.Economics
3. B.A.History
4. B.Sc.Mathematics
5. B.Sc.Physics
6. B.Sc.Chemistry
7. B.Sc.Botany
8. B.Sc.Zoology
9. B.Sc. Physics (Vocational) with Computer Application
10. B.Sc Clinical Nutrition & Dietetics (Self financing)
11. B.Com.Taxation (Self financing)

**തൊഴിലധിഷ്ഠിത ബിരുദകോഴ്സുകൾ**

1. B. Voc. Fashion Technology
2. B. Voc. Sports Nutrition & Physiotherapy (self financing)



വിശുദ്ധ
അൽഫോൻസാമ്മയുടെ
തിരുനാളിന്
ഞങ്ങളുടെ
പ്രാർത്ഥനാനിർഭരമായ
ആശംസകൾ

Administrator, Sisters, Doctors & Staff

# MARIAN MEDICAL CENTRE

ARUNAPURAM, PALA - 686 574 Ph: 04822-214000
ISO 9001 : 2015 Certified NABH Accredited
Email: marianmedicalcentre@yahoo.com
www.marianmedicalcentre.com

Principal, Tutors & Students
SCHOOL OF NURSING
MARIAN MEDICAL CENTRE
ARUNAPURAM



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

# എളുപ്പം ജോലി ലഭിക്കാൻ
# പാരാമെഡിക്കൽ കോഴ്സുകൾ
# കോട്ടയത്തും പാലായിലും





**Diploma & Degree Courses**

LAB, X-Ray, CT, MRI, ANM, Ayurveda nursing Radiology

DMLT, BVoc MLT, BSc RIT, BSc MLT, DRIT, BVoc RIT

GDA COURSE (Care Giver Course - 3 Months)
കേരളസർക്കാർ ASAP ▪ Paliative Care (MG University)

ഹോസ്റ്റൽ സൗകര്യം, ബസ് കൺസഷൻ,
യൂണിഫോം, കുറഞ്ഞ ഫീസ് & Excellent Coaching

അഡ്മിഷൻ തുടരുന്നു




പ്രമുഖ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും പരിശീലനം

H.O: - S.H. സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്
നാഗമ്പടം ബസ് സ്റ്റാന്റിനു സമീപം, കോട്ടയം

PH: 99462 999 68
99462 999 78

S.H. സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്
സെന്റ് മേരീസ് കോളജ് ബിൽഡിംഗ്
സെന്റ് തോമസ് പ്രസിനു സമീപം, പാലാ


# കടന്നുപോയ ഇതിഹാസം



ഡോ. സിറിയക് തോമസ്

കേരളം കണ്ട ഏറ്റവും പ്രഗല്ഭനായ മുഖ്യമന്ത്രിയാരെന്ന ചോദ്യത്തിനുത്തരമായി പല പേരുകൾ ഉയർന്നുവരാം. തിരുവിതാംകൂറിലും പിന്നെ തിരുക്കൊച്ചിയിലും പിന്നീട് കേരളത്തിലും മുഖ്യമന്ത്രിയാകാൻ നക്ഷത്രയോഗമുണ്ടായ രാജാവും ദിവാനുമൊഴികെ സർവരും, അനുയായികൾ മാത്രമല്ല എതിരാളികൾ പോലും, 'താണുപിള്ള സാർ' എന്നുമാത്രം പറയാൻ ധൈര്യപ്പെട്ട കേരളത്തിന്റെ രാഷ്ട്രീയഭീഷ്മാചാര്യനെന്നു തന്റെ വിമർശകരെക്കൊണ്ടു പോലും വിളിപ്പിച്ച സാക്ഷാൽ പട്ടം താണുപിള്ളയും, കൊച്ചിയിലും തിരുക്കൊച്ചിയിലും മുഖ്യമന്ത്രിയും പിന്നീട് കേന്ദ്രമന്ത്രിയുമായ, ഗോവിന്ദമേനോൻ വക്കീലെന്നു തന്റെ കക്ഷികളെക്കൊണ്ടും പനമ്പള്ളിയെന്നു ജനങ്ങളെക്കൊണ്ടും പറയിച്ച, പത്രമാധ്യമങ്ങൾ ബുദ്ധിരാക്ഷസനെന്നു വിശേഷിപ്പിച്ച പനമ്പള്ളി ഗോവിന്ദമേനോനും, കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രിയെന്നും ലോകത്തിലെ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയെന്നും ചരിത്രത്തിൽ ഇടം നേടിയ ഇ.എം.എസ്. നമ്പൂതിരിപ്പാടും, ഏതു പ്രതിസന്ധിയിലും സ്വന്തംനിലയും വിലയും ഒട്ടും വിടാതെ നിന്നു, സമർഥനായ ധനകാര്യമന്ത്രിയെന്നുകൂടി പേരെടുത്ത്, പാർട്ടിയിലെ വിമതവിഭാഗം വിപ്പു ലംഘിച്ചു പ്രതിപക്ഷത്തോടു ചേർന്ന് അവിശ്വാസപ്രമേയത്തിനനുകൂലമായി വോട്ടുചെയ്ത് അധികാരത്തിൽനിന്നു പുറത്താക്കിയപ്പോൾ വളയാത്ത നട്ടെല്ലോടെ ബ്രഹ്മാവുതന്നെ സൃഷ്ടിച്ചതുകൊണ്ടു തനിക്കിതല്ലാതെ വേറേ വഴിയില്ലെന്നു പ്രഖ്യാപിച്ചു രാജിവച്ചു പോയ ആർ. ശങ്കറും, പ്രൗഢമായ ലാളിത്യവും സത്യസന്ധതയും സാത്വികസ്വഭാവവും ഭരണകാര്യക്ഷമതയും കൊണ്ട് എല്ലാ വിഭാഗം ജനങ്ങളുടെയും സ്നേഹാദരവാർജിച്ച ചേലാട്ട് അച്യുതമേനോനും, പാർട്ടിയിലെ തന്റെ പ്രതിയോഗികളെക്കൊണ്ടുകൂടിത്തന്നെ 'ലീഡർ' എന്നു വിളിപ്പിച്ച, സ്വന്തം ചിരിയും തന്റെ നേർത്ത ഖദർജൂബ്ബയും സ്വന്തം പൊളിറ്റിക്കൽ ബ്രാൻഡാക്കിയ സാക്ഷാൽ ലീഡർ കെ. കരുണാകരനും, തന്റെ മുഖവും മുഖഗൗരവവും മാത്രമല്ല നീട്ടിയും കുറുക്കിയുമുള്ള തന്റെ തനി നാടൻ പ്രസംഗശൈലിപോലും ശക്തിയേറിയ ആയുധമാക്കിക്കൊണ്ടു സ്വപക്ഷത്തു മാത്രമല്ല തന്റെ എതിർപക്ഷത്തും സ്വന്തം ജനാനുകൂല്യമുറപ്പിച്ച അച്യുതാനന്ദനും, മാസങ്ങൾ മാത്രം മുഖ്യമന്ത്രിയായിരുന്ന സി.എച്ച്. മുഹമ്മദുകോയയുമൊക്കെ ആദ്യലിസ്റ്റിൽ ഇടം നേടാനിടയുള്ളവരാണ്. എന്നാൽ, കേരളം കണ്ട ഏറ്റവും ജനപ്രിയരായ മുഖ്യമന്ത്രിമാരുടെ കണക്കെടുത്താൽ രണ്ടേ രണ്ടു പേരുകൾക്കേ മുൻതൂക്കം വരൂ. സാക്ഷാൽ ഇ.കെ.നായനാരും പിന്നെ ഉമ്മൻചാണ്ടിയും. ഒരർഥത്തിൽപ്പറഞ്ഞാൽ ജനങ്ങൾ അവരെയല്ല, പ്രത്യുത അവർ ജനങ്ങളെയാണു ആരാധിച്ചിരുന്നത്. അതായിരുന്നു നായനാരുടെയും ഉമ്മൻചാണ്ടിയുടെയും വിജയരഹസ്യവും!

ഉമ്മൻചാണ്ടിയുടെ വിയോഗം അപ്രതീക്ഷിതമെന്നു പറയാനാവില്ല. പക്ഷേ, അതു സൃഷ്ടിക്കുന്ന ഒരു നഷ്ടബോധം അപരിഹാര്യമാണ്. ഉമ്മൻചാണ്ടി ചിട്ടയോ ടൈം ടേബിളോ വച്ചു ജീവിച്ച ഒരു നേതാവായിരുന്നില്ല. രാപകൽവ്യത്യാസമില്ലാതെ അദ്ദേഹം എന്നും എപ്പോഴും ജനങ്ങൾക്കിടയിൽ ജീവിച്ച യഥാർഥജനകീയനുമായിരുന്നു. വിദ്യാർഥി കാലഘട്ടംമുതൽ തമ്മിലറിയാമായിരുന്നെങ്കിലും കൂടുതൽ ആഴമായ ഒരു അടുപ്പവും സൗഹൃദവും വന്നത് കോളജു കാലം കഴിഞ്ഞ് ഒ.സി. കോട്ടയത്തും ഞാൻ പാലായിലും അവിഭക്തകോൺഗ്രസിൽ സജീവമായതോടെയാണ്. പക്ഷേ, 1969 ൽ പാർട്ടിയിൽ ദേശീയതലത്തിൽ പിളർപ്പുണ്ടായതോടെ ഉമ്മൻചാണ്ടി ഇന്ദിരാവിഭാഗം കോൺഗ്രസിലും ഞാൻ മൊറാർജി - നിജലിംഗപ്പാ വിഭാഗത്തിന്റെ സംഘടനാകോൺഗ്രസിലുമായി. ഒ.സി. ഇന്ദിരാ എ.ഐ.സി.യിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഞാൻ സംഘടനാ കോൺഗ്രസ് എ.ഐ.സി.യിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായും തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഞങ്ങൾക്കു രണ്ടുപേർക്കും ഒരേ പ്രായവും. എനിക്കായിരുന്നു ഏഴു ദിവസത്തെ മൂപ്പ്.




1943 ഒക്ടോബർ 24നു ഞാനും 1943 ഒക്ടോബർ 31 ന് ഉമ്മൻചാണ്ടിയും. പിളർപ്പിനെത്തുടർന്ന് രണ്ടുപക്ഷത്തായപ്പോഴും സൗഹൃദത്തിനു മാറ്റമൊന്നുമുണ്ടായില്ല! ഏതു മാനദണ്ഡംവച്ച് അളന്നാലും ഉമ്മൻചാണ്ടി ഒരു ഒന്നാംതരം ലീഡർ മെറ്റീരിയലാണെന്ന് അദ്ദേഹത്തിന്റെ എതിരാളികൾപോലും സമ്മതിക്കാതിരിക്കുകയില്ല. ഒ.സി.യ്ക്ക് രാഷ്ട്രീയതന്ത്രങ്ങളുമറിയാം. കേരളം കണ്ട ജനപ്രിയമുഖ്യമന്ത്രിമാരിൽ ഉമ്മൻചാണ്ടി ഏറ്റവും മുൻനിരയിലാണെന്നതിലും രണ്ടുപക്ഷമുണ്ടാവുകയില്ല.

മടുപ്പില്ലാതെ ജോലി ചെയ്യാനും യാത്ര ചെയ്യാനും ഒ.സി.യെപ്പോലെ സാധിക്കുന്നവരും അധികമില്ല. ഉപചാരമര്യാദകളുമറിയാം. ഇഷ്ടക്കേട് കാണിക്കേണ്ടവരോട് അതു കാണിക്കാനുമറിയാം. അധികാരമുള്ളപ്പോഴും പക്ഷേ ഒട്ടും അഹങ്കാരമില്ല.

എനിക്ക് അദ്ദേഹത്തെ ഒ.സി. എന്നുവിളിക്കാനുള്ള സ്വാതന്ത്ര്യം അന്നും എന്നും അനുവദിച്ചുതന്നിരുന്നു. എന്നാൽ, എന്നെ സിറിയക് തോമസ് എന്നു മുഴുവനായേ പറയാറുള്ളു. ഞാൻ വൈസ് ചാൻസിലറായിരുന്നപ്പോൾ ചിലപ്പോഴൊക്കെ മാത്രം വി.സി എന്നും. ഞങ്ങളുടെ അമ്മയോട് (മിസ്സിസ് ആർ.വി തോമസ്) ഉമ്മൻ ചാണ്ടി എന്നും വളരെ സ്നേഹവും ആദരവും കാണിച്ചിരുന്നു. അമ്മയുടെ അമ്മവീടും പുതുപ്പള്ളിയിലായിരുന്നതു കൊണ്ടും രണ്ടു കുടുംബങ്ങളും ഒരേ ഇടവക പള്ളി ആയിരുന്നതുകൊണ്ടുംകൂടിയാവാം ഞങ്ങളുടെ അമ്മയ്ക്കും ഉമ്മൻചാണ്ടിയോട് ഒരല്പം വാത്സല്യക്കൂടുതലും ഉണ്ടായിരുന്നു. 2013 മാർച്ച് 13 ന് അമ്മയുടെ ജൻമശതാബ്ദിയാഘോഷങ്ങൾ കോട്ടയത്ത് മാർത്തോമാ സെമിനാരി പള്ളി ഹാളിൽ ഉദ്ഘാടനം ചെയ്തതും അന്ന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയാണ്. ശതാബ്ദിസ്മരണികയിൽ അമ്മയെക്കുറിച്ച് നല്ല ഒരു ലേഖനം എഴുതിത്തരാനും തന്റെ തിരക്കുകൾക്കിടയിലും ഒ.സി സന്മനസ്സ് കാട്ടി. കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പു കാലത്ത് പാലായിൽ പ്രചാരണത്തിനു വന്നപ്പോൾ വീട്ടിൽവന്നു കുറച്ചേറെ സമയം ചെലവഴിച്ചാണു പഴയ സൗഹൃദം പുതുക്കി മടങ്ങിയതും. ഡൽഹിയിൽ അഞ്ചു വർഷത്തെ ദേശീയന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനക്കമ്മീഷനംഗത്വകാലാവധി അവസാനിച്ചു ഞാൻ മടങ്ങിയെത്തുമ്പോൾ ഒ.സി.യുടെ മന്ത്രിസഭാ കാലാവധി തീരാൻ കഷ്ടിച്ച് ഒരു വർഷം കൂടിയേ ഉണ്ടായിരുന്നുള്ളു. കേരളത്തിൽ സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനക്കമ്മീഷന്റെ ചെയർമാനായി എന്നെ നിയോഗിക്കാൻ തീരുമാനിച്ചത് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയും ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചെയർമാനായിരുന്ന അംബാസിഡർ (റിട്ട)ശ്രീ ടി.പി. ശ്രീനിവാസനും ചേർന്നായിരുന്നു. നാലുമാസം കൊണ്ട് അതിന്റെ റിപ്പോർട്ട് സ്വകാര്യ സർവകലാശാലകളാരംഭിക്കുന്നതിന് അനുകൂല നിലപാടു വ്യക്തമാക്കിക്കൊണ്ടുള്ളതായിരുന്നു. കമ്മീഷൻ ശിപാർശ പൂർത്തിയാക്കുന്നതിൽ ഏറ്റവും സഹായിച്ചത് മുൻ ഡി.ജി.പി. ഡോ. ജേക്കബ് പുന്നൂസും എം. ജി. യൂണി. മുൻ രജിസ്ട്രാർ ഡോ. ജോസ് ജെയിംസുമായിരുന്നുവെന്നതും നന്ദിയോടെ ഓർമ്മിക്കുന്നു. അതു നടപ്പാക്കാൻ കഴിയാതെ പോയതിന്റെ ദുഃഖം പാലായിൽ വന്നു കണ്ട സന്ദർഭത്തിലും ഒ. സി. പങ്കുവയ്ക്കുകയുമുണ്ടായി. 2008 ൽ ഞാൻ 'മുറിവേറ്റ സിംഹങ്ങൾ' എന്ന പേരിൽ കേരളത്തിലെ പതിന്നാലു സ്വാതന്ത്ര്യസമരസേനാനികളെക്കുറിച്ചെഴുതിയ പുസ്തകത്തിന്റെ പ്രകാശനച്ചടങ്ങിലും ഒ. സി. വന്നു പങ്കെടുത്തതും ഓർമയിലുണ്ട്. അന്നത്തെ ചടങ്ങിൽ വേറേ രണ്ട് 'ഇതിഹാസങ്ങൾ' കൂടി പങ്കെടുക്കുകയുണ്ടായി. അഭിവന്ദ്യ മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായും മലയാള മനോരമ ചീഫ് എഡിറ്റർ പത്മഭൂഷൺ ശ്രീ കെ.എം.മാത്യുവും! പുസ്തകത്തിന് അവതാരികയെഴുതിയതും ശ്രീ കെ.എം. മാത്യുവായിരുന്നു. ഒ.സി. മുഖ്യമന്ത്രിയായിരിക്കെയാണു കണ്ണൂർ മഹാത്മാ മന്ദിരത്തിന്റെ ഗാന്ധി പുരസ്കാരം കണ്ണൂരിൽ വന്ന് എനിക്കു സമ്മാനിച്ചതും. ഇണക്കങ്ങളും ചെറിയ പിണക്കങ്ങളുമായി അറുപതു വർഷത്തിലധികം നീണ്ട ഒരു പ്രൗഢസൗഹൃദത്തിനാണ് ഇന്നലെ തിരശ്ശീല വീണത്. അധികാരികളെ നോക്കി 'അവശന്മാർ, ആർത്തന്മാർ, ആലംബഹീനന്മാർ, അവരുടെ സങ്കടമാരറിവൂ' എന്നു ചോദിച്ച കവിക്കു ജീവിതം കൊണ്ടു മറുപടി പറഞ്ഞ നേതാവായിരുന്നു ശ്രീ ഉമ്മൻചാണ്ടി. സ്വർഗത്തിൽ അതിനു കൃത്യമായ കണക്കുമുണ്ടാവും. തീർച്ച. ആദരവോടെ പ്രണാമം!

■

70 Years of Printing

Experience the state-of-the-art printing at Pala's First & Finest printing press.

MULTI-COLOUR OFFSET PRINTING & CTP • DIGITAL LASER PRINTING • SCREEN PRINTING • POSTER DESIGNING • BINDING • LAMINATION

PALA, KOTTAYAM DT., KERALA - PIN 686575 +91 9496 613 275

St. Thomas Press, Pala

*Established:* 1953

# ദീപനാളം

## മെഗാ

# സാഹിത്യക്വിസ്

**അൽഫോൻസാ കോളജ് ഓഡിറ്റോറിയം, പാലാ**

**2023 ഓഗസ്റ്റ് 31 വ്യാഴം രാവിലെ 10 മണിക്ക്**



**സമ്മാനങ്ങൾ**

1st ₹15000

2nd 10000 | 3rd 5000

4th 3000 | 5th 2000



### നിബന്ധനകൾ

1. മത്സരാർഥികൾക്കു പ്രായപരിധിയില്ല.
2. ഒരു ടീമിൽ രണ്ടുപേർ ഉണ്ടായിരിക്കും.
3. മത്സരം രണ്ടു ഘട്ടങ്ങളായാണു നടത്തുന്നത്. ആദ്യറൗണ്ട് എഴുത്തുപരീക്ഷയാണ്. അതിൽ മികവു നേടുന്ന അഞ്ചു ടീമുകൾക്കായിരിക്കും രണ്ടാം റൗണ്ടിൽ മത്സരയോഗ്യത.
4. ആദ്യറൗണ്ട് മത്സരങ്ങൾ കഴിഞ്ഞാലുടൻ രണ്ടാം റൗണ്ട് മത്സരങ്ങൾ സ്റ്റേജിൽ ആരംഭിക്കും. രണ്ടാം റൗണ്ട് വിഷ്വൽസിനു പ്രാധാന്യമുള്ളതാണ്.
5. മലയാളഭാഷയ്ക്കും സാഹിത്യത്തിനുമാണ് മുൻഗണന.
6. ചോദ്യോത്തരങ്ങളുടെ പൊതുമാധ്യമം മലയാളമായിരിക്കും.
7. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 200 രൂപ.
8. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഗസ്റ്റ് 25 നു മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. Mob: 7306 874 714 | Email: editordeepanalam@gmail.com
9. ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



വാക്കുകളിൽ നിയന്ത്രണം പാലിക്കുന്നവൻ തന്റെ ജീവൻ സുരക്ഷിതമാക്കുന്നു. അധരങ്ങളെ നിയന്ത്രിക്കാത്തവൻ നാശമടയുന്നു.

സുഭാഷിതങ്ങൾ 13:3

**എഡിറ്റോറിയൽ**

## ഇന്ത്യയെ രക്ഷിക്കാൻ 'ഇന്ത്യ'യ്ക്കു കഴിയുമോ?

**ബം**ഗളൂരുവിൽ വിശാല പ്രതിപക്ഷയോഗം ജൂലൈ 18 ന് ചൊവ്വാഴ്ച തുടക്കം കുറിച്ചതോടെ ദേശീയതലത്തിൽ ബി.ജെ.പി.ക്കെതിരേ വിശാല പ്രതിപക്ഷ ഐക്യത്തിന് ആക്കം കൂട്ടുന്ന ചൂടേറിയ ചർച്ചകൾക്കു നീക്കമാരംഭിച്ചു. തലേദിവസം താജ് വെസ്റ്റ് എൻഡ് ഹോട്ടലിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഒരുക്കിയ അത്താഴവിരുന്നോടെയാണ് ദ്വിദിനസമ്മേളനത്തിനു തുടക്കമായത്. 'നമ്മൾ ഒറ്റക്കെട്ട്' എന്ന മുദ്രാവാക്യമെഴുതിയ വമ്പൻബാനറിനു മുന്നിലാണ് നേതാക്കൾ ഒരുമിച്ചിരുന്നത്. യോഗത്തിൽ പങ്കെടുത്ത 26 പാർട്ടികളുടെ ഉന്നത നേതാക്കൾ 2024 ലെ ലോകസഭാതിരഞ്ഞെടുപ്പിൽ ഒറ്റക്കെട്ടായി പോരാടാൻ ഉറച്ച മനസ്സോടെ തീരുമാനമെടുത്തത് രാജ്യം ശ്രദ്ധയോടെ ഉറ്റുനോക്കുന്നു.

പ്രതിപക്ഷ ഐക്യമുന്നണിക്ക് 'ഇന്ത്യ' (ഇന്ത്യൻ നാഷണൽ ഡവലപ്മെന്റൽ ഇൻക്ലൂസീവ് അലയൻസ് – INDIA) എന്നു പേരിട്ടു. ഒട്ടേറെ പേരുകളിൽനിന്ന് ഒടുവിൽ തിരഞ്ഞെടുത്തത് മമതാ ബാനർജി നിർദേശിച്ച 'ഇന്ത്യ' ആണെങ്കിലും, ഭേദഗതികളോടെ അർഥപ്പൊലിമ നല്കി നാമം വിശാലമാക്കിയതും ഔദ്യോഗികമായി പ്രഖ്യാപിച്ചതും രാഹുൽഗാന്ധിയാണ്. ഇന്ത്യ എൻഡിഎയെ എതിർക്കുന്നു എന്ന തത്ത്വശാസ്ത്രപരമായ മാനവും രാഹുൽ നല്കി. ഇടതുപക്ഷകക്ഷികൾ പേരിനായി നിർദേശിച്ച 'വി ഫോർ ഇന്ത്യ' പേരിനപ്പുറം മുദ്രാവാക്യത്തിനാവും ഉചിതമെന്ന് രാഹുലും മമതയും നിതീഷും അടക്കമുള്ള നേതാക്കൾ ചൂണ്ടിക്കാട്ടി. പ്രതിപക്ഷ ഐക്യത്തിന്റെ അടുത്തയോഗം ഒരു മാസത്തിനുള്ളിൽ മുംബൈയിൽ ചേരും. മുംബൈയോഗത്തിൽ പ്രതിപക്ഷനിരയുടെ കൺവീനറെ നിശ്ചയിക്കാനും പ്രചാരണമേൽനോട്ടത്തിനു ചുക്കാൻ പിടിക്കാൻ പതിനൊന്നംഗ കോ – ഓർഡിനേഷൻ കമ്മിറ്റിക്കു രൂപം നല്കാനും തീരുമാനമായി. ഏതായാലും, ഇന്ത്യയെ രക്ഷിക്കാൻ 'ഇന്ത്യ' രൂപപ്പെട്ടതും അടുത്ത തിരഞ്ഞെടുപ്പിൽ പോരാട്ടം മോദിയും ഇന്ത്യയും തമ്മിലായിരിക്കുമെന്നു പ്രഖ്യാപിച്ചതും പൊതുധാരണപ്രകാരംതന്നെയാണ്.

ജൂൺ 23 ന് പാറ്റ്നയിൽ നടന്ന പ്രതിപക്ഷപാർട്ടികളുടെ യോഗം ബീഹാർ മുഖ്യമന്ത്രി നിതീഷ്കുമാറാണു വിളിച്ചുകൂട്ടിയതെങ്കിൽ, ഇത്തവണയാവട്ടെ കോൺഗ്രസാണ് മുഖ്യ സംഘാടകർ. കോൺഗ്രസ് മുൻ പ്രസിഡന്റുമാരായ സോണിയാഗാന്ധി, രാഹുൽഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ എന്നിവരുടെ സംഘാടകനേതൃത്വം ലോകസഭാതിരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ബാക്കി നില്ക്കേ, സമിതിയിലും രാജ്യത്തും കൂടുതൽ പ്രസക്തമാവുകയാണ്.

മുഖ്യമന്ത്രിമാരായ എം.കെ. സ്റ്റാലിൻ (തമിഴ്നാട്), മമതാ ബാനർജി (പശ്ചിമബംഗാൾ), നിതീഷ് കുമാർ (ബീഹാർ), ഹേമന്ത് സോറൻ (ജാർഖണ്ഡ്), അരവിന്ദ് കേജരിവാൾ (ഡൽഹി), സിദ്ധരാമയ്യ (കർണാടക), ഭഗവന്ത് സിങ്മാൻ (പഞ്ചാബ്) എന്നിവരും ലാലു പ്രസാദ് യാദവ് (ആർ.ജെ.ഡി.), അഖിലേഷ് യാദവ് (സമാജ് വാദി പാർട്ടി), സീതാറാം യെച്ചൂരി (സി.പി.എം.), ശരത് പവാർ (എൻ.സി.പി.), ഉദ്ധവ് താക്കറെ(ശിവസേന) തുടങ്ങിയ പ്രമുഖ പാർട്ടിനേതാക്കളും ഐക്യചിന്തകളുമായി അണിനിരന്നത് രാജ്യത്തു ജനാധിപത്യം പുലരണമെന്ന് ആഗ്രഹിച്ചുകൊണ്ടാണ്.

പ്രതിപക്ഷത്തിന്റെ ഐക്യനീക്കങ്ങൾ ഇന്ത്യൻരാഷ്ട്രീയത്തിൽ വഴിത്തിരിവാകുമെന്നാണ് രാഷ്ട്രീയനിരീക്ഷകരുടെ പൊതുമതം. ന്യൂനപക്ഷങ്ങൾക്കെതിരേ കരുതിക്കൂട്ടി നടത്തുന്ന ആക്രമണവും സ്ത്രീകൾ, ആദിവാസികൾ, ദളിതർ എന്നിവർക്കെതിരേയുള്ള അതിക്രമങ്ങളും തടയാനാണ് പ്രതിപക്ഷപാർട്ടികൾ ഒരുമിക്കുന്നതെന്നു വിളിച്ചോതുന്ന സംയുക്തപ്രമേയവും പാസ്സാക്കിയിരിക്കുന്നു. എല്ലാ വിഭാഗക്കാരെയും തുല്യമായി പരിഗണിക്കുന്നതിന്റെ ആദ്യപടിയായി ജാതി സെൻസെസ് നടപ്പിലാക്കുമെന്നും പ്രമേയത്തിൽ പറയുന്നുണ്ട്.

ജൂലൈ 20 ന് ആരംഭിക്കുന്ന പാർലമെന്റിന്റെ വർഷകാലസമ്മേളനത്തിൽ മണിപ്പൂർ വിഷയം ഉയർത്തിക്കാട്ടിയായിരിക്കും പ്രതിപക്ഷത്തിന്റെ മുഖ്യപോരാട്ടമെന്ന കാര്യത്തിൽ സംശയമില്ല. മണിപ്പൂർ കലാപത്തെക്കുറിച്ച് പ്രധാനമന്ത്രി തുടരുന്ന മൗനം ഭേദിക്കണമെന്നും നിലപാടു വ്യക്തമാക്കണമെന്നുമാണ് ഭരണപ്രതിപക്ഷഭേദമെന്യേ രാജ്യത്താകമാനമുള്ള വികാരം. ജനങ്ങളുടെ ഈ പൊതുവികാരം പ്രതിപക്ഷം പാർലമെന്റിൽ ഒരേ സ്വരത്തിൽ ഉന്നയിക്കും. വിലക്കയറ്റം, തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ വരുംമാസങ്ങളിൽ കേന്ദ്രത്തിനെതിരേ സംയുക്തറാലികൾ നടത്തുന്നതും പരിഗണനയിലുണ്ട്. ഏകവ്യക്തിനിയമത്തിന്റെ കാര്യത്തിൽ കേന്ദ്രം പാർലമെന്റിൽ ബില്ലു കൊണ്ടുവന്നാൽ അതു പഠിച്ചശേഷം പ്രതിപക്ഷം പൊതുനിലപാടു തീരുമാനിക്കാനാണു ധാരണ. പാർമെന്റിനകത്തും പുറത്തും ബി.ജെ.പിയ്ക്കെതിരെ ഒറ്റക്കെട്ടായി പോരാടാൻ പ്രതിപക്ഷകക്ഷികൾ തയ്യാറെടുക്കുന്നത് രാജ്യത്തിനകത്തുംപുറത്തുമുള്ളവർ ഉദ്വേഗപൂർവം ഉറ്റുനോക്കുന്നു.




*പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് രജതജൂബിലിയാഘോഷം പശ്ചിമബംഗാൾ ഗവർണർ ഡോ.സി.വി. ആനന്ദബോസ് ഉദ്ഘാടനം ചെയ്യുന്നു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ജോസ് കെ.മാണി എം.പി., മാണി സി. കാപ്പൻ എം.എൽ.എ., ചെയർമാൻ മോൺ. ജെയിംസ് പാലയ്ക്കൽ, മാനേജർ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പ്രിൻസിപ്പൽ ഡോ. വി.വി. ജോർജുകുട്ടി ഒട്ടലാങ്കൽ എന്നിവർ സമീപം.*

## വിജയത്തിനാധാരം ഈശ്വരചിന്തയും കഠിനാധ്വാനവും: ഡോ. സി.വി. ആനന്ദബോസ്

പാലാ: സിവിൽ സർവീസ് ഉൾപ്പെടെയുള്ള ഉന്നതമത്സര പരീക്ഷകൾ വിജയിക്കുന്നതിന് കഠിനാധ്വാനവും ഈശ്വരവിശ്വാസവും അനിവാര്യമാണെന്ന് പശ്ചിമബംഗാൾ ഗവർണർ ഡോ.സി.വി. ആനന്ദബോസ്. ഇരുപത്തിയഞ്ചു വർഷംകൊണ്ട് 347 പേരെ സിവിൽ സർവീസിലേക്ക് ആനയിച്ച പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് രാജ്യത്തിന്റെ ഭരണനിർവഹണത്തിന് നിർണായകമായ സംഭാവനയാണു നൽകിയിട്ടുള്ളതെന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ രജതജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.


സിവിൽ സെർവന്റ്സ് കാത്തുസൂക്ഷിക്കുന്ന മൂല്യബോധവും ധാർമികതയുമാണ് ജനാധിപത്യഭരണസംവിധാനത്തിന്റെ നന്മകൾ ജനങ്ങളിൽ എത്തിക്കുന്നതെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രസ്താവിച്ചു.

മുൻ ചീഫ് സെക്രട്ടറി കെ.ജെ. മാത്യു ഐ.എ.എസിന്റെ സ്മരണാർഥം ഏർപ്പെടുത്തിയ സ്വർണ്ണമെഡൽ ഈ വർഷം 36–ാം റാങ്കോടെ ഐ.എ.എസ് നേടിയ ആര്യ വി.എം. ന് ഗവർണർ ഡോ. സി.വി. ആനന്ദബോസ് സമ്മാനിച്ചു. ആഡ് ഓൺ കോഴ്സിലൂടെ സിവിൽ സർവീസ് കരസ്ഥമാക്കിയ അഞ്ജലി ജോയിയെ യോഗത്തിൽ അനുമോദിച്ചു.

ജോസ് കെ. മാണി എം.പി., മാണി സി. കാപ്പൻ എം.എൽ.എ. ചങ്ങനാശ്ശേരി അതിരൂപത വികാരി ജനറാളും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെയർമാനുമായ മോൺ. ജെയിംസ് പാലയ്ക്കൽ, മാനേജർ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പ്രിൻസിപ്പൽ ഡോ. വി. വി. ജോർജ്ജുകുട്ടി ഒട്ടലാങ്കൽ എന്നിവർ യോഗത്തിൽ സംസാരിച്ചു.

### ജയ്പൂർ രൂപത മെത്രാൻ

## മാർ ജോസഫ് കല്ലറയ്ക്കൽ അഭിഷിക്തനായി



കാഞ്ഞിരപ്പള്ളി: ജയ്പൂർ രൂപതയുടെ ദ്വിതീയമെത്രാനായി ബിഷപ് ജോസഫ് കല്ലറയ്ക്കൽ അഭിഷിക്തനായി. ഔർ ലേഡി ഓഫ് അനൻസിയേഷൻ കത്തീഡ്രലിൽ നടന്ന മെത്രാഭിഷേകകർമങ്ങൾക്കു ബോംബെ അതിരൂപത ആർച്ചുബിഷപ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് മുഖ്യകാർമികത്വം വഹിച്ചു. ആഗ്ര ആർച്ചുബിഷപ് ഡോ. റാഫി മഞ്ഞളി, ജയ്പുർ മുൻ രൂപതാധ്യക്ഷൻ ഡോ. ഓസ്വാൾഡ് ലൂയിസ് എന്നിവർ സഹകാർമികരായിരുന്നു. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചു ബിഷപ് ലെയോപോൾഡോ ജിറെല്ലി, കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ, മുൻ അധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ എന്നിവർ മെത്രാഭിഷേക കർമങ്ങളിൽ പങ്കുചേർന്നു.

ജയ്പൂർ രൂപതയുടെ അജപാലനശുശ്രൂഷയിൽനിന്ന് ബിഷപ് ഡോ. ഓസ്വാൾഡ് ലൂയിസ് വിരമിച്ചതിനെത്തുടർന്നാണ് റവ. ഡോ. ജോസഫ് കല്ലറയ്ക്കലിനെ ജയ്പുർ മെത്രാനായി ഏപ്രിൽ 22 ന് ഫ്രാൻസിസ് മാർപാപ്പാ നിയമിച്ചത്.

1964 ഡിസംബർ 10 കാഞ്ഞിരപ്പള്ളി രൂപതയിൽപ്പെട്ട ആനവിലാസം ഗ്രാമത്തിലാണ് ബിഷപ് ജോസഫ് കല്ലറയ്ക്കലിന്റെ ജനനം. കല്ലറയ്ക്കൽ ജോസഫ് – ത്രേസ്യാ ദമ്പതികളുടെ നാലാമത്തെ മകനാണ് ബിഷപ്.

# വി. യാക്കോബ് (സെൻ്റ് ജെയിംസ്) തിരുനാൾ

25 ജൂലൈ

## (പാലാ രൂപത സ്ഥാപകദിനം)

## പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഏക അപ്പസ്തോലിക രക്തസാക്ഷി

### വി. യാക്കോബ് :

### പൈശാചികസേവകൾ നിർവീര്യമാക്കുന്ന മാധ്യസ്ഥ്യം

### പരിശുദ്ധ ദൈവമാതാവിൻ്റെ ഏറ്റവും അടുത്ത സഹായി

ആഗോള കത്തോലിക്കാസഭ ജൂലൈ 25 വി. യാക്കോബ് ശ്ലീഹായുടെ രക്ത സാക്ഷിത്വത്തിൻ്റെ അനുസ്മരണം കൊണ്ടാടുകയാണല്ലോ. പാലാ രൂപതയുടെ സ്ഥാപകദിനംകൂടിയാണിത്. 'ഈശോയുടെ സഹോദരൻ' എന്ന് വി. ഗ്രന്ഥത്തിൽ അറിയപ്പെടുന്ന വിശുദ്ധനെ നസ്രാണി ക്രൈസ്തവസമുദായം ഏറെ ഭീഷണികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ വണങ്ങേണ്ട ആവശ്യകത വർദ്ധിച്ചുവരുകയാണ്.

ഈശോയുടെ 12 ശ്ലീഹന്മാരിൽ ആദ്യത്തെ രക്തസാക്ഷിത്വപദവി ലഭിച്ചത് വി. യാക്കോബിനാണ്. ക്രൈസ്തവർക്കെതിരേ ലോകമെമ്പാടും നടക്കുന്ന ആക്രമണങ്ങളെയും പൈശാചികസേവകളെയും തകർത്ത് വിശ്വാസികളെ വി. യാക്കോബ് രക്ഷിക്കുന്നു എന്ന് ക്രൈസ്തവർ വിശ്വസിക്കുന്നു. വി. യാക്കോബിൻ്റെ കുരിശ് ധരിച്ചിരിക്കുന്നവരെ പൈശാചികശക്തികൾക്കു തൊടാനാകില്ലെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈശോയുടെ ആദ്യ നാലു ശിഷ്യന്മാരിൽ ഒരാളായിരുന്നു 'ഈശോമിശിഹായുടെ സഹോദരൻ' (മത്തായി 13:55, മർക്കോസ് 6:3 ) എന്നറിയപ്പെടുന്ന വി. യാക്കോബ്.

### പരിശുദ്ധദൈവമാതാവും വിശുദ്ധ യാക്കോബ് ശ്ലീഹായും

പരിശുദ്ധ ദൈവമാതാവിൻ്റെ ഏറ്റവും അടുത്ത സഹായിയായിരുന്നു വി. യാക്കോബ്. ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യ മരിയൻ പ്രത്യക്ഷീകരണം എ.ഡി. 40-ൽ വി. യാക്കോബ് ശ്ലീഹായ്ക്കു മുന്നിലായിരുന്നു. വി. യാക്കോബിൻ്റെ പ്രവർത്തനമണ്ഡലം സ്പെയിൻ ആയിരുന്നു. ആദ്യകാലത്ത് തൻ്റെ സുവിശേഷജോലികൾക്കു ഫലം കാണാതെ വേദനിച്ചു തളർന്നിരുന്നപ്പോൾ മാതാവ് പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തുവെന്നാണ് വിശ്വാസം. അന്ന് മാതാവ് ജീവിച്ചിരുന്ന കാലമായിരുന്നു. പരിശുദ്ധ അമ്മയുടെ പ്രത്യക്ഷപ്പെടലിൽ അത് ആദ്യത്തേതായിരുന്നു. ഒരേ സമയത്ത് രണ്ടിടത്ത് ആയിരിക്കാനുള്ള അത്ഭുതസിദ്ധി ദൈവം അമ്മയ്ക്കു നല്കിയിരുന്നതിൻ്റെ തെളിവുകൂടിയാണ് ഈ സംഭവം. സ്പെയിനിലെ സാർഗോസായിലാണ് മാതാവ് പ്രത്യക്ഷപ്പെട്ടത്. അവിടെ നദീതീരത്ത് ഒരു സ്തൂപത്തിൽ അമ്മ ചാരി നിൽക്കുന്നതായിട്ടാണ് അദ്ദേഹം കണ്ടത്. സാർഗോസാ എന്ന ആ സ്ഥലം ഇന്ന് ലോകപ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രങ്ങളിൽ ഒന്നാണ്. പിലാർ മാതാവ് എന്ന പേരിൽ ഇവിടെ പരിശുദ്ധ അമ്മയെ ലോകം വന്ദിക്കുന്നു.

സ്പെയിൻരാജ്യത്തെ വിദേശ ആക്രമണത്തിൽനിന്നും അടിമത്തത്തിൽനിന്നും രക്ഷിച്ചത് വി. യാക്കോബിൻ്റെ മാദ്ധ്യസ്ഥ്യത്തിലാണെന്നു വിശ്വസിക്കുന്നു. ആഫ്രിക്കൻരാഷ്ട്രമായ കോംഗോയുടെയും ദേശീയ മദ്ധ്യസ്ഥനാണ് വി. യാക്കോബ്. സ്പെയിനിലെ സാം തിയാഗോദ് കമ്പുസ്റ്റേല എന്ന സ്ഥലത്താണ് വിശുദ്ധൻ്റെ കബറിടം സ്ഥിതിചെയ്യുന്നത്.

### വി. യാക്കോബ് ശ്ലീഹായും പാലായും

നസ്രാണി ക്രൈസ്തവ ഭൂരിപക്ഷപ്രദേശമായി പാലാ ഇപ്പോഴും നിലനില്ക്കുന്നതിനു പിന്നിൽ വി. യാക്കോബ് ശ്ലീഹായുടെ അദൃശ്യസംരക്ഷണം ഉണ്ടെന്നു വിശ്വസിക്കുന്നവരാണ് പാലാക്കാർ. വിശുദ്ധ യാക്കോബ് ശ്ലീഹായുടെ ആഗോള തിരുനാൾദിനമായ ജൂലൈ 25നാണ് പാലാ രൂപത സ്ഥാപിതമായത് (1950 ജൂലൈ 25) എന്നതും പ്രത്യേകം അനുസ്മരിക്കപ്പെടുന്നു. വി. യാക്കോബിൻ്റെ നാമവും മാധ്യസ്ഥ്യവും കേരളക്കരയിൽ പ്രചരിപ്പിക്കാൻ മുന്നിൽനിൽക്കുന്നതും പാലാക്കാർ നസ്രാണികൾ തന്നെ.

(ജെയിംസ് വടക്കൻ 94973 40829)



യാക്കോബിൻ്റെ കുരിശ്



ST. JAMES

### കേരളത്തിലെ യാക്കോബ് നാമധാരികളായ പിതാക്കന്മാർ



മാർ ജേക്കബ് തൂങ്കുഴി



മാർ ജേക്കബ് മനത്തോടത്ത്



മാർ ജേക്കബ് അങ്ങാടിയത്ത്



മാർ ജേക്കബ് മുരിക്കൻ



മാർ ജെയിംസ് അത്തിക്കളം



മാർ ജെയിംസ് ആനാപറമ്പിൽ

എല്ലാ വെള്ളിയാഴ്ചയും ദിവ്യബലി, വി. യാക്കോബ് ശ്ലീഹായുടെ നൊവേന 6.30 am:
സെൻ്റ് തോമസ് മൂർ ചർച്ച്, ആലക്കോട്, മീൻമുട്ടി, തൊടുപുഴ Ph: 94958 66047

### വി. യാക്കോബ് ശ്ലീഹായുടെ നൊവേന, കുരിശ്, ഫോട്ടോ ലഭിക്കുന്ന സ്ഥലങ്ങൾ

1. കിസാൻ മാർട്ട്, സെൻ്റ് ആൻ്റണീസ് ഷ്റൈൻ ഗ്രൗണ്ട്, മൂണ്ടാങ്കൽ 94475 07592
2. ഡിവൈൻ മേഴ്സി ബുക്ക്സ്റ്റാൾ, വാഴയിൽ ആർക്കേഡ്, പാലാ 94472 12848
3. സെൻ്റ് തോമസ് പ്രസ്സ് ബുക്ക്സ്റ്റാൾ, പാലാ 9496613275
4. സെൻ്റ് മേരീസ് ചർച്ച് സ്റ്റാൾ, ഭരണങ്ങാനം പള്ളി
5. മാർ സ്ലീവാ ചർച്ച് സ്റ്റാൾ, ചേർപ്പുങ്കൽ പള്ളി
6. സെൻ്റ് ജോർജ് ചർച്ച് സ്റ്റാൾ, അരുവിത്തുറ പള്ളി
7. സെൻ്റ് മേരീസ് ചർച്ച് മുത്തിയമ്മ സ്റ്റാൾ, കുറവിലങ്ങാട് പള്ളി
8. വിമല ബുക്ക് ഹൗസ്, കാഞ്ഞിരപ്പള്ളി
9. എയ്ഞ്ചൽ ഗിഫ്റ്റ്, ബ്രോഡ്‌വേ, എറണാകുളം 90616 59206
10. മാർ മാത്യൂസ് പയസ് ആർട്ടിക്കിൾസ്, മൂവാറ്റുപുഴ
11. ആലക്കോട് (തൊടുപുഴ) പള്ളി 94958 66047

യാക്കോബ് ശ്ലീഹായുടെ വലിയ ഫോട്ടോകൾക്ക്
ചേന്നാമ്പള്ളിൽ ഫോട്ടോ ഫ്രെയിംസ്, ഭരണങ്ങാനം 95266 68231

തിരുനാൾ ആശംസകൾ: ജോർജുകുട്ടി കയ്യാലയ്ക്കകം, ജോയി മൂക്കൻതോട്ടം, അഗസ്റ്റിൻ നെല്ലാംതടം വഞ്ചിമല, ജെയിംസ് വടക്കൻ

# ഭരണങ്ങാനം
# വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ
# വി. അൽഫോൻസാമ്മയുടെ തിരുനാൾ






## 2023 ജൂലൈ 19 ബുധൻ മുതൽ 28 വെള്ളി വരെ

### തിരുനാൾദിനങ്ങളിലെ തിരുക്കർമ്മങ്ങൾ

**19 മുതൽ 27 വരെ**

വി. കുർബാന, നൊവേന
05.30 am, 06.45 am, 8.30 am
11.30 am, 02.30 pm, 5.00 pm
06.15 pm – ജപമാലപ്രദക്ഷിണം
07.00 pm – വി. കുർബാന, നൊവേന

**ജൂലൈ 19 ബുധൻ**

11.15 am : കൊടിയേറ്റ്
മാർ ജോസഫ് കല്ലറങ്ങാട്ട്

**ജൂലൈ 28 വെള്ളി തിരുനാൾ**

07.00 am നേർച്ചയപ്പം വെഞ്ചരിപ്പ്
വി. കുർബാന
മാർ ജോസഫ് പള്ളിക്കാപറമ്പിൽ
10.30 am ആഘോഷമായ
തിരുനാൾ കുർബാന, സന്ദേശം
(ഇടവകപ്പള്ളിയിൽ)
മാർ ജോസഫ് കല്ലറങ്ങാട്ട്
12.00 noon ആഘോഷമായ
തിരുനാൾപ്രദക്ഷിണം

**പ്രധാന തിരുനാൾദിനത്തിലെ (ജൂലൈ 28) മറ്റു കുർബാനകൾ**

04.45 am, 06.00 am, 07.00 am, 08.30 am, 09.30 am
10.30 am, 02.30 pm, 03.30 pm, 04.30 pm, 05.30 pm
06.30 pm, 07.30 pm, 08.30 pm, 09.30 pm

### ആഘോഷമായ തിരുനാൾ കുർബാനകൾ അർപ്പിക്കുന്ന അഭിവന്ദ്യപിതാക്കന്മാർ

| | | |
|---|---|---|
| ജൂലൈ 19 | 11.30 am | മാർ പീറ്റർ കൊച്ചുപുരയ്ക്കൽ |
| ജൂലൈ 20 | 11.30 am | മാർ റെമീജിയോസ് ഇഞ്ചനാനിയിൽ |
| ജൂലൈ 21 | 11.30 am | മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ |
| ജൂലൈ 22 | 11.30 am | ബിഷപ് സ്റ്റാൻലി റോമൻ |
| ജൂലൈ 23 | 11.30 am | മാർ ജോസഫ് കൊല്ലംപറമ്പിൽ |
| ജൂലൈ 24 | 11.30 am | മാർ തോമസ് പാടിയത്ത് |
| ജൂലൈ 25 | 11.30 am | റവ. തോമസ് തറയിൽ |
| ജൂലൈ 26 | 11.30 am | മാർ ജോസ് പുളിക്കൽ |
| ജൂലൈ 27 | 11.30 am | തോമസ് മാർ കൂറിലോസ് |
| | 05.00 pm | മാർ ജോൺ നെല്ലിക്കുന്നേൽ |
| ജൂലൈ 28 | 07.00 am | മാർ ജോസഫ് പള്ളിക്കാപറമ്പിൽ |
| | 10.30 am | മാർ ജോസഫ് കല്ലറങ്ങാട്ട് |

ജൂലൈ 23 ഞായർ 03.30 pm
ശ്രവണപരിമിതർക്കുവേണ്ടി വി. കുർബാന

**അൽഫോൻസാ തീർത്ഥാടനങ്ങൾ**
മാതൃവേദി–പാലാ രൂപത
സെന്റ് ആന്റണീസ് ചർച്ച്, ചെങ്ങളം

**തിരുക്കർമ്മസമയങ്ങൾ \ വി. കുർബാന, നൊവേന**
ഇടദിവസങ്ങൾ : 05.30 am, 06.45 am, 08.30 am, 11.30 am, 05.00 pm
ഞായർ : 06.00 am, 08.30 am, 10.00 am, 11.30 am, 04.00 pm, 06.00 pm

ശനിയാഴ്ചകളിൽ 06.15 pm ജപമാലപ്രദക്ഷിണം

തിരുനാൾപ്രസുദേന്തി, ജപമാലപ്രദക്ഷിണം, നേർച്ചകൾ, സംഭാവനകൾ എന്നിവയ്ക്കു ബന്ധപ്പെടേണ്ട വിലാസം

RECTOR, ST. ALPHONSA SHRINE CHURCH & PILGRIM CENTRE,
BHARANANGANAM P.O. 686 578, Mob:8301065244 (office)
Email: alphonsashrine@gmail.com
Website: https://st.alphonsa.org Online Banking :www.alphonsa.org
Canteen: 9496123624
Religious Article Centre: 8301964110, 9544112888

Youtube Facebook Instagram

@StAlphonsaShrine St.AlphonsaShrine churchstalphonsa

Deepanalam Weekly
RNI No : 16998/68
Vol. 56 No. 21 Date of Publication 20 July 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org